പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 31

# 2016-ലെ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസ നിധി രൂപീകരണ ബിൽ

(ശ്രീ. എസ്. രാജേന്ദ്രൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

1034/2016.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 31

# 2016-ലെ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസ നിധി രൂപീകരണ ബിൽ

(ശ്രീ. എസ്. രാജേന്ദ്രൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

## വാഹനാപകടങ്ങളിൽപ്പെട്ട് പരിക്ക് പറ്റി ആശുപത്രിയിൽ കൊണ്ട് പോകുന്നതിനും, ചികിത്സയ്ക്കും അനുബന്ധ കാര്യങ്ങൾക്കും സാമ്പത്തികപരാധീനതമൂലം കഷ്ടപ്പെടുന്നവർക്കും തുടർന്ന് നിത്യവൃത്തിക്ക് വകയില്ലാതെ അലയുന്നവർക്കും മറ്റ് ആകസ്മികമായ അടിയന്തര ചെലവുകൾക്കും സമാശ്വാസമായി ഒരു തുക നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—വാഹനാപകടങ്ങൾക്കിരയാകുന്ന മിക്കവാറും വ്യക്തികൾക്കും അവരുടെ അടുത്ത ബന്ധുക്കൾക്കും ആശുപത്രിയിൽ കൊണ്ടുവരുന്നതിനും, ശസ്ത്രക്രിയ, മരുന്നുകൾ മുതലായ ആശുപത്രി ചെലവുകൾ വഹിക്കുന്നതിനുള്ള സാമ്പത്തികശേഷി ഇല്ലാത്തവരാകുന്നു. വാഹനാപകടങ്ങളിൽ പരിക്കേൽക്കുന്ന ഭൂരിഭാഗം വ്യക്തികൾക്കും അടിയന്തര വൈദ്യശുശ്രൂഷയും ശസ്ത്രക്രിയയും വേണ്ടിവരികയും ആയതിന് വരുന്ന ചെലവ് വഹിക്കാൻ പ്രസ്തുത വ്യക്തികൾക്കോ അടുത്ത ബന്ധുക്കൾക്കോ സാധിക്കാതെ വരുന്നതിന്റെ ഫലമായി ശരിയായ വൈദ്യസഹായം ലഭിക്കാതെ അംഗഭംഗമോ ജീവനാശമോ സംഭവിക്കുകയും ചെയ്യുന്നു. വാഹനാപകടങ്ങളിൽ പെട്ട് മരണമടയുന്ന പലരുടെയും മക്കൾ നിരാലംബരായി തീരുകയും അവരുടെ വിദ്യാഭ്യാസവും മുൻപോട്ടുള്ള ജീവിതവും വഴിമുട്ടുകയും ചെയ്യുന്നു;

നമ്മുടെ സംസ്ഥാനത്ത് സ്ഥിതിവിവര കണക്കുകൾ പ്രകാരം പ്രതിവർഷം ഏകദേശം 5000 പേർ വാഹനാപകടങ്ങളിൽ മരിക്കുകയും 30000 പേർക്ക് സാരമായി പരിക്കേൽക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ അടിയന്തരമായി വാഹനാപകടങ്ങളിൽ പെടുന്നവർക്കും അടുത്ത ബന്ധുക്കൾക്കും ഉണ്ടാകുന്ന സാമ്പത്തികമായ നിസ്സഹായാവസ്ഥ കൾക്ക് പരിഹാരം കാണുന്നതിലേക്കായി ഒരു സഹായനിധി രൂപീകരിക്കുന്നതിന് ഉചിതമാകുന്നു.

1034/2016.

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ നിയമത്തെ "2016-ലെ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസ നിധി രൂപീകരണ ആക്റ്റ്" എന്ന് പേര് പറയാം;

(2) ഇത് കേരള സംസ്ഥാനത്തിലാകമാനം ബാധകമായിരിക്കും;

(3) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ നിയമത്തിൽ, സന്ദർഭം, മറ്റുവിധത്തിൽ വ്യാഖ്യാനം ആവശ്യമാക്കി തീർക്കാത്തപക്ഷം,—

(എ) "നിധി" എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഈ നിയമത്തിലെ 3-ാം വകുപ്പ് അനുസരിച്ച് രൂപീകരിക്കുന്ന സഹായനിധിയെയാണ്;

(ബി) "സമിതി" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നിയമത്തിലെ 4-ാം വകുപ്പ് അനുസരിച്ചുള്ള സമിതിയെയാണ്;

(സി) "ഇര" എന്ന് അർത്ഥമാക്കുന്നത് വാഹനാപകടത്തിൽ മരണമടയുകയോ സാരമായ പരിക്കേൽക്കുകയോ ചെയ്യുന്നവരെയാണ്;

(ഡി) "അപകടം" എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പൊതുനിരത്തിൽ വാഹനങ്ങളുടെ ഉപയോഗത്തിനിടയിലുണ്ടാകുന്ന മരണം, ശാരീരിക ക്ഷതം, വസ്തു നാശം ഇവയിലേതെങ്കിലും സംഭവിക്കുന്ന സന്ദർഭമാണ് ;

(ഇ) "സർക്കാർ" എന്ന് ഉദ്ദേശിക്കുന്നത് കേരള സർക്കാരിനെയാണ് ;

(എഫ്) "വകുപ്പ്" എന്ന് അർത്ഥമാക്കുന്നത് സർക്കാർ വകുപ്പിനെയാണ് ;

(ജി) " ആശുപത്രി" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഈ നിയമത്തിൻ കീഴിൽ സർക്കാർ പ്രത്യേകം നിർദ്ദേശിക്കുകയോ പട്ടികയിൽ ഉൾപ്പെടുത്തുകയോ ചെയ്യുന്ന ആശുപത്രികളെയാണ്.

3. കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസ നിധിയുടെ രൂപീകരണം.—(1) കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസനിധി എന്ന പേരിൽ ഈ നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി ഒരു നിധി രൂപീകരിക്കുന്നതാണ്;

(2) പ്രസ്തുത നിധി ഗസറ്റ് വിജ്ഞാപനം വഴി ഈയാവശ്യത്തിനായി സർക്കാർ രൂപീകരിക്കുന്ന ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതാണ്;

(3) താഴെപ്പറയുന്നവ ഈ നിധിയിലേക്ക് വരവ് വയ്ക്കാവുന്നതാകുന്നു;

(എ) മോട്ടോർ വാഹന വകുപ്പ് ഈടാക്കുകയും ഗതാഗത കമ്മീഷണറുടെ പേരിൽ വരവ് വയ്ക്കുകയും ചെയ്യുന്ന ഉപയോഗ ഫീസിന്റെ 50% ടി ബോർഡിന്റെ ആരംഭനിക്ഷേപമായിരിക്കുന്നതും ഓരോ വർഷവും സമാഹരിക്കുന്ന ഉപയോഗ ഫീസിന്റെ 50% അതതു വർഷം ഈ നിധിയിലേക്ക് നിക്ഷേപിക്കുന്നതുമായിരിക്കും;

(ബി) കേരള റോഡ് സുരക്ഷ അതോറിറ്റിയിൽനിന്നും പ്രതിവർഷം 5 കോടി രൂപ ലഭ്യമാക്കുന്നതായിരിക്കും;

(സി) സംഘടനകൾ, ധർമ്മസ്ഥാപനങ്ങൾ, വ്യക്തികൾ, മറ്റ് സ്ഥാപനങ്ങൾ, കമ്പനികൾ, നിയമാനുസൃതം നിലനിൽക്കുന്ന മറ്റ് സ്ഥാപനങ്ങൾ, വ്യക്തികൾ മുതലായവരിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ;

(ഡി) ഇൻഷ്വറൻസ് കമ്പനികളിൽ നിന്നോ വ്യക്തികളിൽ നിന്നോ തിരിച്ചടവായി ലഭിക്കുന്ന തുകകൾ;

(ഇ) ഈ നിയമത്തിൻകീഴിൽ ഈടാക്കുന്ന ഏതെങ്കിലും തരം ഫീസുകൾ;

(എഫ്) കോടതിവഴിയുള്ള ജപ്തി നടപടികളിലൂടെയോ, നിയമനടപടികളിലൂടെയോ ഈടാക്കുന്ന തുകകൾ.

(4) താഴെ പറയുന്നവയിൽ ഏതെങ്കിലും ലക്ഷ്യത്തിനോ ലക്ഷ്യങ്ങൾക്കോ വേണ്ടി ഈ നിധി ഉപയോഗപ്പെടുത്താവുന്നതാണ്:

(എ) വാഹനാപകടത്തിൽ പരിക്കേൽക്കുന്ന വ്യക്തിയെ ആശുപത്രിയിലെത്തിക്കുന്നതിനുള്ള യാത്രാ ചെലവുകളും മറ്റ് ആക്സ്മിക അടിയന്തര ചെലവുകളും;

(ബി) മരുന്ന് വില, ലബോറട്ടറി പരിശോധന ഫീസ്, ശസ്ത്രക്രിയ, മുറിവാടക ഉൾപ്പെടെയുള്ള ചെലവുകൾ സംബന്ധിച്ച് ഒരു വിദഗ്ദ്ധ സർക്കാർ ഡോക്ടർ സൂക്ഷ്മപരിശോധനയ്ക്കുശേഷം സാക്ഷ്യപ്പെടുത്തിയ ആശുപത്രി ബില്ലുകൾ അടയ്ക്കുന്നതിനുള്ള തുകകൾ;

(സി) പരിക്കുമൂലം സ്ഥിര വൈകല്യം വന്നുചേർന്നവർക്കുള്ള സാമ്പത്തിക സഹായം;

(ഡി) കുടുംബത്തിന്റെ ഏകാശ്രയമായിരിക്കുന്ന വ്യക്തി വാഹനാപകടത്തിൽ മരണപ്പെടുകയോ സാരമായ പരിക്കേൽക്കുകയോ ചെയ്യുകയും അയാളുടെ കുടുംബങ്ങൾക്ക് മറ്റ് വരുമാന സ്രോതസ്സുകൾ ഇല്ലാതിരിക്കുകയും ചെയ്താൽ

രണ്ട് വർഷത്തേക്കോ MACT നഷ്ടപരിഹാരം അനുവദിക്കുന്നതുവരേയ്ക്കോ ഏതാണോ ആദ്യം അതുവരെ പ്രസ്തുത വ്യക്തിക്ക് അഥവാ കുടുംബാംഗങ്ങൾക്ക് അടിയന്തര സമാശ്വാസ സഹായം, ബോർഡ് നിശ്ചയിക്കുന്ന പ്രസ്തുത തുക സാധാരണഗതിയിൽ പ്രതിമാസം 10,000 രൂപയിൽ കൂടാൻ പാടില്ലാത്തതാകുന്നു. പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രത്യേക സന്ദർഭങ്ങളിൽ ഇതിൽ കൂടിയ ഒരു തുക ബോർഡിന് അനുവദിക്കാവുന്നതാണ്;

(ഇ) മറ്റ് വരുമാന മാർഗ്ഗങ്ങളില്ലാത്ത വാഹനാപകടത്തിൽപ്പെടുന്നവരുടെ വിദ്യാർത്ഥികളായ മക്കൾക്ക് 3 വർഷത്തേക്കോ, ബോർഡ് തീരുമാനിക്കുന്ന കാലയളവിലേക്കോ വിദ്യാഭ്യാസ ചെലവുകൾ വഹിക്കുന്നതാണ്.

സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി ഇളവുനൽകാത്തപക്ഷം ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 3-ാം വകുപ്പിലെ 4-ാം ഉപവകുപ്പ് പ്രകാരം ലഭിക്കുന്ന സഹായധനം MACT ക്ലെയിം അല്ലെങ്കിൽ ഇൻഷ്വറൻസ് ക്ലെയിം, ലഭ്യമാകുന്നമുറയ്ക്ക് അതിൽനിന്നുള്ള ആദ്യത്തെ കടം വീണ്ടെടുക്കൽ എന്ന നിലയിൽ, ടി ആശ്വാസ നിധിയിലേക്ക് ഈടാക്കാവുന്നതാണ്.

ബോർഡ് രൂപീകൃതമായി ആദ്യം 2 വർഷത്തേക്ക് രണ്ട് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്കും അനാഥരായ കുട്ടികൾക്കും കുടുംബം പോറ്റുന്നയാൾ വാഹനാപകടത്തിൽ നഷ്ടപ്പെട്ട കുടുംബങ്ങൾക്കും സഹായധനം ലഭിക്കുന്നതിനുള്ള മുൻഗണന നിശ്ചയിച്ചിരിക്കുന്നു.

4. ബോർഡിന്റെ രൂപീകരണം.—(1) ഗസറ്റ് വിജ്ഞാപനംവഴി നിശ്ചിത തീയതി മുതൽ പ്രാബല്യത്തിൽ വരുന്ന രൂപത്തിൽ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസനിധി ബോർഡ് എന്ന പേരിൽ വാഹനാപകട സമാശ്വാസനിധിയുടെ നടത്തിപ്പിനും സാമ്പത്തിക സഹായ വിതരണത്തിനുമായി സർക്കാർ ഒരു സമിതിയെ (ബോർഡ്) നിയമിക്കുന്നതാണ്;

(2) പ്രസ്തുത സമിതിക്ക് അവിച്ഛിന്നമായ പിന്തുടർച്ചയും ഔദ്യോഗിക മുദ്രയും ഉണ്ടായിരിക്കുന്നതാണ്. എല്ലാ നിയമനടപടികളും മേൽ പ്രസ്താവിച്ച സമിതിയുടെ പേരിൽ ആയിരിക്കേണ്ടതാണ്;

(3) റോഡ് സുരക്ഷ അതോറിറ്റിയിലേക്ക് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എല്ലാ അംഗങ്ങളും ടി സമിതിയുടെ അംഗങ്ങളായിരിക്കുന്നതാണ്;

(4) കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അദ്ധ്യക്ഷൻ ടി സമിതിയുടെയും അദ്ധ്യക്ഷനായിരിക്കും;

(5) അദ്ധ്യക്ഷന്റെയും മറ്റ് അംഗങ്ങളുടെയും പേരുവിവരങ്ങൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്;

(6) ഈ നിയമത്തിൻകീഴിൽ ഭരണനിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി ടി സമിതിക്ക് തോന്നുന്നപക്ഷം ഭരണനിർവ്വഹണ അധികാരങ്ങൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയോ ജില്ലാ കമ്മറ്റിയെയോ വ്യവസ്ഥകൾക്കു വിധേയമായി ചുമതലപ്പെടുത്തി ഏല്പിക്കാവുന്നതാണ്.

5. നിധിയുടെ കൈവശാവകാശവും കാര്യനിർവ്വഹണവും.—(1) വകുപ്പ് 4 അനുസരിച്ച് രൂപീകൃതമായ സമിതിയിൽ ടി നിധിയുടെ കൈവശാവകാശവും നടത്തിപ്പിനുള്ള ചുമതലയും നിക്ഷിപ്തമായിരിക്കും;

(2) നിർദ്ദിഷ്ട മാനദണ്ഡങ്ങളനുസരിച്ച് പ്രസ്തുത സമിതി ടി നിധി വിനിയോഗം ചെയ്യുന്നതാണ്.

6. സമിതിയംഗങ്ങളുടെ ഭരണകാലാവധി.—നാമനിർദ്ദേശം ചെയ്യപ്പെടുന്ന സമിതിയംഗങ്ങളുടെ സേവനകാലാവധി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടേതിന് സമാനമായ 5 വർഷമായിരിക്കും.

7. ജില്ലാ കമ്മിറ്റി.—ഓരോ ജില്ലയിലും കളക്ടർ, RTO, DMO, SP എന്നിവരടങ്ങിയ ഒരു ജില്ലാ കമ്മിറ്റി ഉണ്ടായിരിക്കുന്നതും ജില്ലാ കളക്ടർ ആയതിന്റെ അദ്ധ്യക്ഷനും RTO കൺവീനറും ആയിരിക്കുന്നതാണ്.

8. ഉദ്യോഗസ്ഥരുടെ നിയമനം.—സമിതിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റോഡ് സുരക്ഷാ കമ്മീഷണറുടെ നിർദ്ദേശപ്രകാരം ഉദ്യോഗസ്ഥരുടെ നിയമനം നടത്തുന്നതായിരിക്കും.

9. വരവ് ചെലവ് കണക്കുകളും കണക്കു പരിശോധനയും.—ടി നിധിയുടെ വരവുചെലവു കണക്കുകൾ റോഡ് സുരക്ഷാ കമ്മീഷണർ സൂക്ഷിക്കുന്നതും അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയ്ക്ക് അത് വിധേയമാക്കപ്പെടുന്നതുമാണ് എന്നിരിക്കിലും സമിതിക്ക് അനുയോജ്യരെന്നു നിശ്ചയിക്കുന്ന ഉദ്യോഗസ്ഥരെക്കൊണ്ട് ഓരോ വർഷവും ആന്തരിക കണക്കുപരിശോധന നടത്താവുന്നതാണ്.

10. ഉദ്യോഗസ്ഥരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ.—ഇവ ഉൾപ്പെടെയുള്ള ടി നിധിയെ സംബന്ധിച്ച ഭരണനിർവ്വഹണ ചെലവുകൾ റോഡ് സുരക്ഷാനിധിയിൽനിന്നും വഹിക്കേണ്ടതാണ്.

11. ടി നിധിയിൽനിന്നും പണം കൊടുത്ത് തീർപ്പാക്കൽ.—ടി നിധിയിൽ നിന്നുള്ള നഷ്ടപരിഹാരം സംബന്ധിച്ച അപേക്ഷകൾ സർക്കാർ നിർദ്ദേശിക്കുന്ന രീതിയിൽ തീർപ്പാക്കുന്നതാണ്.

12. ടി നിധിയിലേക്ക് അടയ്ക്കേണ്ട സംഖ്യ ഈടാക്കൽ.—ഇൻഷ്വറൻസ് കമ്പനിയിൽനിന്നോ ഏതെങ്കിലും വ്യക്തിയിൽനിന്നോ ഏതെങ്കിലും കാരണവശാൽ നിധിയിലേക്ക് വന്നുചേരേണ്ട സംഖ്യ, ഈ നിയമത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി അടയ്ക്കാതിരുന്നാൽ റവന്യൂ കുടിശ്ശിക ഈടാക്കുന്ന അതേ നടപടി ക്രമമനുസരിച്ച് ഈടാക്കുന്നതായിരിക്കും.

13. <u>സമിതിയുടെ അംഗങ്ങളും ഉദ്യോഗസ്ഥരും പൊതുസേവകർ എന്ന നിലയിൽ.</u>— ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് നിയമിതരാകുന്ന ടി സമിതിയിലെ ഓരോ അംഗവും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മറ്റ് എല്ലാ ഉദ്യോഗസ്ഥരും ഇന്ത്യൻ ശിക്ഷാ നിയമം 21-ാം വകുപ്പ് (1860-ലെ കേന്ദ്രനിയമം 45) അനുസരിച്ചുള്ള പൊതുസേവകർ എന്ന നിർവചനത്തിൽ ഉൾപ്പെടുന്നതായിരിക്കും.

14. <u>ഉത്തമവിശ്വാസത്തിൽ ചെയ്യുന്ന പ്രവൃത്തികൾക്ക് നിയമപരിരക്ഷ.</u>— ടി നിയമത്തിൻകീഴിലോ ഇതോടനുബന്ധിച്ച് നിശ്ചയിക്കപ്പെടുന്ന ഏതെങ്കിലും വ്യവസ്ഥയ്ക്കുകീഴിലോ സർക്കാർ, സമിതിയിലെ ഏതെങ്കിലും അംഗം സമിതിയുടെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട മറ്റാളുകൾ എന്നിവർ ഉത്തമവിശ്വാസത്തോടെ നിർവഹിക്കുന്ന കൃത്യത്തിന് നിയമനടപടികളിൽനിന്നും പരിരക്ഷ ഉണ്ടായിരിക്കുന്നതാണ്.

15. <u>സമിതിയെ അസ്ഥിരപ്പെടുത്തുന്നതിനുള്ള അധികാരം.</u>—(1) ടി സമിതിക്ക് ചുമതലകൾ യഥാവിധി നിറവേറ്റാൻ സാധിക്കാതെ വരികയോ, ബന്ധപ്പെട്ട നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഏൽപ്പിക്കപ്പെട്ട ചുമതലകൾ നിറവേറ്റുന്നതിൽ തുടർച്ചയായി പിഴവുകൾ വരുത്തുകയോ, അധികാര പരിധി ലംഘിക്കുകയോ, അധികാരം ദുർവിനിയോഗം ചെയ്യുകയോ ചെയ്യുന്നപക്ഷം, ഗസറ്റ് വിജ്ഞാപനംവഴി സർക്കാരിന് ടി സമിതിയെ ആറ് മാസത്തിൽ കൂടാത്തതും വിജ്ഞാപനത്തിൽ പ്രത്യേകം പ്രസ്താവിക്കുന്നതുമായ കാലയളവിലേക്ക് അസ്ഥിരപ്പെടുത്താവുന്നതാണ്.

നിയമത്തിലെ ഈ ഉപവകുപ്പുപ്രകാരം ഇത്തരത്തിൽ ഒരു വിജ്ഞാപനം ഇറക്കുന്നതിന് മുമ്പായി ടി സമിതിക്ക് ആയതിനെ അസ്ഥിരപ്പെടുത്താതിരിക്കാനുള്ള കാരണങ്ങൾ കാണിക്കുവാൻ ഉചിതമായ അവസരം സർക്കാർ നൽകേണ്ടതും സമിതി ഉന്നയിക്കുന്ന വിശദീകരണങ്ങളും തടസ്സവാദങ്ങളും പരിഗണിക്കേണ്ടതുമാണ്.

(2) ഉപവകുപ്പ് 1 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞാൽ;

(a) സമിതിയിലെ എല്ലാ അംഗങ്ങളും വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ സമിതിയിലെ അംഗങ്ങളെന്ന അവരുടെ സ്ഥാനം ഒഴിഞ്ഞതായി കണക്കാക്കപ്പെടുന്നതാണ്;

(b) സമിതിയിൽ നിക്ഷിപ്തമായ എല്ലാ സാമ്പത്തിക ആസ്തികളും മറ്റു വസ്തുക്കളും സമിതിയെ സർക്കാർ അസ്ഥിരപ്പെടുത്തിയിരിക്കുന്ന കാലയളവിലേക്ക് സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

16. വാർഷിക റിപ്പോർട്ടും കണക്കുകളുടെ പരിശോധനാ റിപ്പോർട്ടും.—(1) സമിതിയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിന്റെ ഒരു കോപ്പി കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ടിനൊപ്പം ഓരോ വർഷവും മാർച്ച് മാസം അവസാനിക്കുന്നതിനുമുമ്പ് സർക്കാരിന്റെ പക്കൽ സമർപ്പിക്കേണ്ടതുമാണ്;

(2) വാർഷിക റിപ്പോർട്ട്, വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് സഹിതം ലഭിക്കുന്നമുറയ്ക്ക് സർക്കാർ നിയമസഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതാണ്.

17. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ നിയമത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ ഗസറ്റ് വിജ്ഞാപനംവഴി സർക്കാരിന് ഉണ്ടാക്കാവുന്നതാണ്;

(2) ഈ നിയമത്തിൻകീഴിൽ നിർമ്മിതമായ ഓരോ ചട്ടവും അതിന് രൂപം കൊടുക്കുന്ന മുറയ്ക്ക് മുറയ്ക്ക് നിയമസഭയുടെ രണ്ടാഴ്ച തുടർച്ചയായോ ഇടവിട്ടോ വിളിച്ചു ചേർക്കുന്ന സമ്മേളനത്തിൽ സമർപ്പിക്കേണ്ടതാകുന്നു. പ്രസ്തുത സമ്മേളനം അവസാനിക്കുന്നതിനുമുൻപോ അടുത്ത സമ്മേളനത്തിലോ നിയമസഭ സമർപ്പിക്കപ്പെട്ട ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ പ്രസ്തുത ചട്ടം തന്നെ റദ്ദാക്കുകയോ ചെയ്യുന്ന പക്ഷം പ്രസ്തുത ഭേദഗതിയോടെ മാത്രമേ ടി ചട്ടത്തിന് സാധുത ഉണ്ടായിരിക്കുകയുള്ളൂ. അഥവാ നിയമസഭ റദ്ദാക്കുന്നപക്ഷം പ്രസ്തുത ചട്ടം അസാധുവാകുന്നതാണ്. പ്രസ്തുത ഭേദഗതി ടി നിയമത്തിൻ കീഴിൽ നടപ്പിലാക്കപ്പെട്ടിട്ടുള്ള യാതൊരു സംഗതിയുടെയും സാധുതയെ പ്രതികൂലമായി ബാധിക്കാതിരിക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ പ്രസ്താവന

നമ്മുടെ സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ പ്രതിവർഷം ഏകദേശം 30000 ആളുകൾക്ക് സാരമായും 20000 ആളുകൾക്ക് നിസ്സാരമായും പരിക്കേല്ക്കുകയും ഉദ്ദേശം 5000 പേർ മരണമടയുകയും ചെയ്യുന്നുണ്ട്. ഇത്തരം അപകടങ്ങളിൽ സംഭവിക്കുന്ന അനേകം മരണങ്ങൾ, പരിക്കേറ്റവർക്ക് തക്കസമയത്ത് വൈദ്യസഹായം ലഭ്യമാകുന്ന പക്ഷം ഒഴിവാക്കാവുന്നതാണ്. ആശുപത്രി അധികാരികൾ പ്രത്യേകിച്ചും സ്വകാര്യ ആശുപത്രികൾ പരിക്കേറ്റവർക്കോ അവരുടെ ബന്ധുക്കൾക്കോ, ആശുപത്രി ചെലവ് വഹിക്കാനുള്ള കഴിവില്ല എന്ന ധാരണയിൽ വാഹനാപകടത്തിൽ പെടുന്നവരെ ചികിത്സിക്കാൻ വൈമുഖ്യം കാണിക്കുന്നു. ചില സംഭവങ്ങളിൽ കുടുംബം പോറ്റുന്നയാൾ ആശുപത്രിയിലാവുകയോ, മരണമടയുകയോ ചെയ്താൽ കുടുംബത്തിലെ മറ്റ് അംഗങ്ങൾ അടിസ്ഥാന ജീവിതാവശ്യത്തിനുവേണ്ടിയും കുട്ടികളുടെ വിദ്യാഭ്യാസം തുടരുന്നതിനുവേണ്ടിയും വൻക്ലേശം അനുഭവിക്കേണ്ടതായി വരുന്നു. MACT വഴി ലഭിക്കുന്ന നഷ്ടപരിഹാരം ഇത്തരം കേസ്സുകളിൽ പലപ്പോഴും വർഷങ്ങൾ തന്നെ കാലതാമസ്സം വരുന്നതും പരിക്കേൽക്കുന്നവരുടെ ചികിത്സാ ചെലവിനുപോലും പലപ്പോഴും മതിയാകാറില്ലാത്തതുമാണ്. റോഡപകടങ്ങളിൽ പെടുന്ന ഏതൊരാൾക്കും

മതിയായ ചികിത്സ കിട്ടാതിരിക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കുന്നതിലേക്കായി പരിക്കേറ്റയാളുടെ സാമ്പത്തികാവസ്ഥ പരിഗണിക്കാതെ അയാളുടെ ചികിത്സാ ചെലവുകൾ ആശുപത്രികൾക്ക് നൽകുവാൻ ഈ നിയമം വിഭാവന ചെയ്യുന്നു. ചില ദുഃഖകരമായ സംഭവങ്ങളിൽ മാതാപിതാക്കൾ മരണപ്പെടുകയും കുട്ടികൾ അനാഥരാവുകയും ചെയ്യാറുണ്ട്. അത്തരം കേസ്സുകളിൽ കുട്ടികൾക്ക് അനാഥത്വത്തിന് പുറമേ പൂർണ്ണദാരിദ്ര്യം കൂടി അനുഭവിക്കേണ്ടിവരുന്നു.

ഈ കരട് ബിൽ അംഗീകരിക്കപ്പെട്ട് ചട്ടമായി വരുന്നപക്ഷം അത് ജാതി, മത, ലിംഗ, സാമ്പത്തിക സ്ഥിതി വ്യത്യാസമില്ലാതെ വാഹനാപകടത്തിൽ പെട്ട് പരിക്കേറ്റ് ആശുപത്രിയിലെത്തപ്പെടുന്നവരുടെ ചികിത്സാ ചെലവുകൾ ആശുപത്രികൾക്ക് ലഭ്യമാകുമെന്ന് ഉറപ്പു വരുത്തുന്നു. പണത്തിന്റെ കുറവുമൂലം മേലിൽ അടിയന്തര ചികിത്സ ഒരാശുപത്രിയിലും നിഷേധിക്കപ്പെടുകയില്ല. കൂടാതെ ഒരു പരിധിവരെ ഈ നിയമം വാഹനാപകടത്തിൽപ്പെടുന്നവരുടെ കുട്ടികളുടെയും കുടുംബത്തിന്റെയും സാമ്പത്തികസുരക്ഷിതത്വം ഉറപ്പുവരുത്തുന്നു. വാഹനാപകടത്തിൽ ഇരയാകുന്ന ഹതഭാഗ്യർക്ക് അടിയന്തിരമായി ആശ്വാസമെത്തിക്കുവാനായി ഒരു നിധി രൂപീകരിക്കുവാൻ ഈ ബിൽ വിഭാവന ചെയ്യുന്നു. ഈ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിനായി സർക്കാർ നിയമനിർമ്മാണം നടത്തുമെന്ന് വിശ്വസിക്കുന്നു.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിന് ഗവൺമെന്റിന് വരുന്ന സാമ്പത്തിക ബാധ്യത തിരികെ ലഭിക്കുന്നതിനാൽ താൽക്കാലികമാകുന്നു. എന്ത് മാത്രം സാമ്പത്തിക ബാധ്യതകൾ ഉണ്ടാകും എന്നത് തിട്ടപ്പെടുത്തുവാൻ കാലവിളംബം ഉണ്ടാകുന്നതാണ്. എന്നിരുന്നാലും 5 കോടി രൂപ സഞ്ചിതനിധിയിൽനിന്നും താൽക്കാലികമായി പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഇതിലെ വ്യവസ്ഥ പ്രകാരം സർക്കാരിന് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റിനനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കുവാനും, സഭയ്ക്ക് അത് ഭേദഗതി വരുത്തുവാനും, റദ്ദാക്കുവാനും അധികാരം ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

ഈ ബിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

എസ്. രാജേന്ദ്രൻ, എം.എൽ.എ.